പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1525 — 06.03.2020 ലെ മറുപടിയ്ക്ക്

## കോളേജുകളിലെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട പരാതി പരിഹാര കമ്മറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.കെ.യു. അരുണൻ | | ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗവ. എഞ്ചിനീയറിംഗ് കോളേജുകളിലെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട പരാതി പരിഹാരകമ്മറ്റി നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത കമ്മറ്റിയിലെ അംഗങ്ങൾ, കാലാവധി എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും എ.ഐ.സി.ടി.ഇ, ടെക്നിക്കൽ എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസ് എന്നിവയ്ക്ക് അനുസൃതമായി സെലക്ഷൻ പ്രക്രിയ നടത്തുന്നതിലേയ്ക്കുമായി 27.07.2019 തീയതിയിലെ GO(Rt)No.1313/2019/HEdn നമ്പർ ഉത്തരവു പ്രകാരം 3 അംഗ കമ്മറ്റി രൂപീകരിച്ചിരുന്നു. അംഗങ്ങളുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.<br>1) ഡോ.രാജൻ വറുഗ്ഗീസ്, മെമ്പർ സെക്രട്ടറി - കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തിരുവനന്തപുരം- **ചെയർമാൻ.**<br>2) ഡോ. പി. എസ്. ചന്ദ്രമോഹനൻ നായർ (പ്രിൻസിപ്പാൾ (റിട്ട.) സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ, തിരുവനന്തപുരം-**മെമ്പർ.**<br>3)അഡീഷണൽ സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ് - **മെമ്പർ.**<br>നടപടി ക്രമങ്ങൾ പാലിച്ച് 3 മാസത്തിനകം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും പ്രസ്തുത കമ്മിറ്റിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.<br>ടി കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കണമെന്നുള്ള ഡോ.പി. എസ്. ചന്ദ്രമോഹനൻ നായരുടെ അപേക്ഷ പരിഗണിച്ച് 04.03.2019 തീയതിയിലെ GO(Rt) No.375/2020/Hedn നമ്പർ ഉത്തരവ് പ്രകാരം ഡോ.പി.എസ് ചന്ദ്രമോഹനൻ നായർക്ക് പകരം ഡോ.പി.സുരേഷ്, ഡയറക്ടർ ഐ.എച്ച്.ആർ.ഡി - യെ ഉൾപ്പെടുത്തി കമ്മിറ്റിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ കമ്മറ്റി ചേർന്നുകൊണ്ട് നിലവിലെ പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) & (ഡി) | ടി കമ്മിറ്റിയുടെ പ്രവർത്തനം ഡോ.രമേഷ് ബാബു ഫയൽ ചെയ്ത OA 1646/2019 ഹർജിയിലെ 14.10.2019 ലെ ഇടക്കാല ഉത്തരവ് പ്രകാരം ബഹു. കോടതി സ്റ്റേ ചെയ്തിരിക്കുന്നു. |
| (ഡി) | ഉണ്ടെങ്കിൽ പ്രസ്തുത നടപടിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ